പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 491 — 02.07.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതിബോർഡ് കമ്പനിവത്ക്കരണം.

ചോദ്യം

ശ്രീ. എം ചന്ദ്രൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബാബു എം. പാലിശ്ശേരി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) വൈദ്യുതി ബോർഡ് കമ്പനിവത്ക്കരണത്തിന് നിശ്ചയിച്ചിരിക്കുന്ന കാലാവധി എന്നാണവസാനിക്കുന്നത് ;

(എ) 28-06-2013-ലെ ജി. ഒ (എം. എസ്) നമ്പർ 30/2013/ഊ. വ പ്രകാരം സമയ പരിധി 01-07-2013 മുതൽ 31-08-2013 വരെ 2 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) ഈ കാലാവധി നിശ്ചയിക്കുന്നതിൽ കേന്ദ്ര സർക്കാരിൻെറ അനുവാദം ആവശ്യമുണ്ടോ ;

(ബി) സംസ്ഥാന വൈദ്യുതി ബോർഡിൻെറ കാലാവധി നീട്ടുന്നതിന് വൈദ്യുതി നിയമത്തിലെ സെക്ഷൻ 172 (എ) പ്രകാരം കേന്ദ്ര ഗവൺമെൻറിൻെറ അനുമതി ആവശ്യമുണ്ട്. നിയമത്തിലെ സെക്ഷൻ 131 പ്രകാരം 2008 സെപ്തംബർ 25-നു പുറപ്പെടുവിച്ച ഒന്നാം ട്രാൻസ്ഫർ സ്കീം പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കെ. എസ്. ഇ. ബിയുടെ ആസ്തി-ബാധ്യതകൾ പുതിയ സർക്കാർ കമ്പനിയിലേക്ക് പുനർനിക്ഷേപിക്കുന്നതിന് കേന്ദ്ര സർക്കാരിൻെറ അനുമതി ആവശ്യമില്ല.

(സി) കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സർക്കാർ ഗ്യാരണ്ടി നൽകിക്കൊണ്ട് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) & (ഡി) ആസ്തി-ബാധ്യതകൾ കൈമാറ്റം ചെയ്യുന്നതിനുള്ള കൈമാറ്റ പദ്ധതിയിൽ ജീവനക്കാരുടെ പെൻഷൻ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്താവുന്നതാണ്. പെൻഷൻ ബാധ്യതാ തുക കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തി പുതിയ കമ്പനിയ്ക്ക് കൈമാറ്റം ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഈ ബാധ്യത ഏറ്റെടുത്ത് പെൻഷൻ വിതരണം നടത്തുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിനും ഇതിലേയ്ക്ക് ആവശ്യമായ ബോണ്ട് കമ്പനി ഇഷ്യൂ ചെയ്യുന്നതിനും ഈ ബോണ്ടുകൾ മുഴുവനായും പുതുതായി രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റ് സബ്സ്ക്രൈബ് ചെയ്യുന്നതിനും ഓരോ

വർഷവും ബോണ്ടിന്റെ പലിശയും മുതലിലുള്ള തിരിച്ചടവും കൂടാതെ ഓരോ വർഷത്തെയും പെൻഷൻ ബാധ്യത കോൺട്രിബ്യൂഷനായും ട്രസ്റ്റ് ഫണ്ടിൽ ചേർക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്. കൂടാതെ, പെൻഷൻ ഫണ്ടിന് ആവശ്യമായ തുക സർക്കാരും കമ്പനിയും ചേർന്ന് കോൺട്രിബ്യൂട്ട് ചെയ്യാനും ഉദ്ദേശിക്കുന്നു. പെൻഷൻ വിതരണത്തിനുള്ള സുരക്ഷ, 2003-ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉറപ്പു വരുത്തു ന്നതിനും ആയതിന് നിയമപരമായ സാധുത കൈ വരുത്തുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കൈമാറ്റ പദ്ധതി സർക്കാർ വിജ്ഞാപനം ചെയ്യുന്നതാണ്.

വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ സംഘടനകൾ നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബോർഡ് സമർപ്പിച്ച പുതുക്കിയ കരട് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്) സർക്കാരിന്റെ പരിഗണനയിലാണ്. എല്ലാ വസ്തുതകളും പരിശോധിച്ച ശേഷം സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡ് കമ്പനിവത്ക്കരണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയാമോ ; ഇതിൽ എത്ര സംസ്ഥാനങ്ങളിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ടെന്ന് അറിയാമോ ?

(ഇ) കേരളത്തിന് പുറമെ ത്സാർഖണ്ഡ് സംസ്ഥാനത്തിലും വൈദ്യുതി ബോർഡ് കമ്പനിവത്ക്കരണം പൂർത്തിയാക്കാനുള്ളതായാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അസ്സാം, കർണ്ണാടക, ആന്ധ്രാപ്രദേശ്, പഞ്ചാബ്, ബീഹാർ, ഉത്തർപ്രദേശ്, ഡൽഹി, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ ബോർഡുകളുടെ പുന:സംഘടനയുടെ ഭാഗമായി ഏർപ്പെട്ടിട്ടുള്ള ത്രികക്ഷിക്കരാറുകളിൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളതായാണ് അറിയുന്നത്.

സെക്ഷൻ ഓഫീസർ.

GOVERNMENT OF KERALA

**Abstract**

Power Department - Re-organization of Electricity Board as per the Electricity Act, 2003 - Re-vesting of the assets and liabilities of erstwhile Kerala State Electricity Board to the fully owned Government Company viz, Kerala State Electricity Board Limited - Extension of time limit for two months from 1-7-2013 up to 31-08-2013 - Orders issued.

---

**POWER (C) DEPARTMENT**

**G.O. (MS) No. 30 / 2013 / PD. Dated, Thiruvananthapuram, 28 - 06 - 2013.**

---

Read:- 1. G.O. (Ms) No. 29/2008/PD. dated 25.08.2008.

2. G.O. (Ms) No. 37/2008/PD. dated 25.09.2008.

3. G.O (Ms) No. 11 /2013/PD dated 23.03.2013.

4. Letter No. RC/KSEB/Re-vesting/2013 dated 21-6-2013 from the Special Officer, Managing committee, KSEB.

**ORDER**

As per the Government Order read as 1st paper above, Government of Kerala had decided to restructure Kerala State Electricity Board as a Company under the Indian Companies Act, 1956 as stipulated in the Electricity Act, 2003 (Central Act 36 of 2003). Accordingly in exercise of the powers conferred under Section 131 & 133 of the Act, Government approved the Kerala Electricity First Transfer Scheme 2008,vesting the functions, properties, interests, rights, obligations and liabilities of the erstwhile Kerala State Electricity Board in Government, and notified the scheme vide Government Order, read as 2nd paper above.

2. As per Clause 6(1) of the Transfer Scheme, the functions and undertakings of the Electricity Board as vested in Government under clause 4 of the scheme have to be re-vested in the company to be constituted under the Indian Companies Act 1956, in the place of KSEB, subject to the provisions of the Act and the scheme, within 30th September 2009.

As the procedures regarding re-vesting the assets and liabilities could not be completed within the above time limit, Government extended time limit in this regard further up to 30-06-2013 as per G.O read as third paper above.

3. The Special Officer, Managing Committee, KSEB, vide the letter read as fourth paper above, has submitted the revised draft Transfer Scheme for re-vesting, which is under consideration of the Government. As the procedures for re-vesting are yet to be completed, the Government are pleased to extend the time limit for re-vesting the assets and liabilities of erstwhile Kerala State Electricity Board into the successor entity viz, Kerala State Electricity Board Limited further by two months from 1 / 7 / 2013 to 31/ 08 /2013.

By Order of the Governor,

**E.K. Bharat Bhushan,**

***Chief Secretary.***

*To*

The Special Officer, Kerala State Electricity Board Limited,
Thiruvananthapuram.
The Secretary, Kerala State Electricity Board, Thiruvananthapuram.
The Secretary, Kerala State Electricity Regulatory Commission,
Thiruvananthapuram(with CL).
The Accountant General (A & E), Kerala, Thiruvananthapuram.
The Principal Accountant General (Audit), Kerala, Thiruvananthapuram.
General Administration (SC) Department( vide item No. 3838 of proceedings dated 26 / 06 / 2013 of the Council of Ministers)
The Information Officer,
Web& New Media Section, Information & Public Relations Department.
Stock File / Office Copy.

Copy to :

PS to Chief Minister.
PS to Minister for Power.
The Finance (PU-A) Department

**Forwarded/ By Order,**

**Section Officer.**

Section Officer